അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് 2025-2026

ബഹുമാന്യരെ,

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത് വരും കാലത്തിന്റെ വികസന സാധ്യതകളും പ്രതീക്ഷകളുമാണ് എല്ലാ ബജറ്റുകളും പങ്കുവയ്ക്കുന്നത് നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ എല്ലാ വികസന സ്വപ്നങ്ങളും സാക്ഷാത്കരിക്കുവാൻ കഴിയും എന്ന ശുഭ പ്രതീക്ഷയോടെ ബജറ്റ് യോഗത്തിൽ പങ്കെടുക്കുന്നതിന് എത്തിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഘടക സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങി എല്ലാവരേയും ഈ അവസരത്തിൽ സ്നേഹാദരപൂർവ്വം സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായുള്ള കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിലെ നിർണ്ണായക സ്വാധീനമായി മാറുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ബ്ലോക്ക് പഞ്ചായത്തും വികസനത്തിന്റെ പാതയിലാണ്. കഴിഞ്ഞ നാളുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകൾക്ക് ഉണർവ്വ് ഏകുന്ന തരത്തിൽ വികസന പ്രവർത്തനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. നിരവധിയായ വികസന ക്ഷേമ പദ്ധതികൾ ഇക്കാലയളവിൽ ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നിരുന്നാലും ഇനിയുമേറെ മുന്നോട്ട് പോകേണ്ടതുണ്ട്. ബഹു. മഖ്യ മന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന കേരള സർക്കാരിന്റെയും ബഹു. അമ്പലപ്പുഴ എം.എൽ.എ ശ്രീ. എച്ച് സലാമിന്റെയും പിന്തുണയും സഹകരണവും അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്നുവെന്ന് ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. സ്വയം പര്യാപ്തമായ കാർഷിക മേഖല, സമ്പൂർണ്ണ ശുചിത്വ ഗ്രാമങ്ങൾ, എല്ലാവർക്കും പാർപ്പിടം, ഗതാഗതം തുടങ്ങി അടിസ്ഥാന മേഖലകളിൽ കൂടുതൽ പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്. സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ തുടങ്ങി സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ആവശ്യങ്ങൾ ഉൾപ്പെടുത്തി കൊണ്ട് 2025-2026 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടത്തിയ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റോക്ക് ഹോൾഡേഴ്സ് യോഗങ്ങൾ, ഗ്രാമസഭ, ഊരുക്കൂട്ടം, വികസന സെമിനാർ തുടങ്ങി വിവിധ ജനകീയ യോഗങ്ങളിൽ നിന്നും പൊതുജനങ്ങളുടെ

അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ഏറ്റവും സമഗ്രമായ ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

പരിമിതമായ വിഭവ ലഭ്യത എല്ലാക്കാലത്തും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വലിയ വെല്ലുവിളിയാണ്, എന്നിരുന്നാലും ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കേന്ദ്ര- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയാണ് പ്രധാന സാമ്പത്തിക സ്രോതസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് എങ്കിലും തനത് വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ പൂർണ്ണമായും മേൽ പറഞ്ഞ ഫണ്ടുകളെ മാത്രം ആശ്രയിക്കേണ്ടി വരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്ത് ആഗ്രഹിക്കുന്ന രീതിയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് കഴിയുന്നില്ല എന്നത് വലിയ പോരായ്മയാണ് എന്നിരുന്നാലും ലഭ്യമായ വിഭവങ്ങള് ഉപയോഗിച്ച് ഏറ്റവും നീതിയുക്തമായി ജനങ്ങളുടെ വികസന ക്ഷേമ സങ്കൽപ്പങ്ങൾക്കനുസൃതമായാണ് പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്.

ചരിത്രാതീത കാലം മുതൽ എല്ലാ ജനവിഭാഗങ്ങളുടേയും നിലനിൽപ്പ് പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് കൃഷിയും അതിനോടനുബന്ധിച്ചുള്ള ഉത്പാദന മേഖലാ പ്രവർത്തനങ്ങളും ഒരു രാജ്യത്തിന്റെ നട്ടെല്ലാണ് ആയതിനാൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തും കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യ നൽകിക്കൊണ്ടാണ് ഇക്കൊല്ലത്തെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്

കുട്ടനാടൻ പാടശേഖരങ്ങളുടെ പാരിസ്ഥിതിക സവിശേഷതകൾക്ക് അനുയോജ്യമായതും ആവർത്തന ചിലവ് കുറവായതുമായ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് നൽകുന്ന പദ്ധതി മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് വിജയിച്ചിട്ടുള്ളതാണ് ഇത് എല്ലാ പാടശേഖരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇക്കൊല്ലം 6000000/- (അറുപത് ലക്ഷം രൂപ) രൂപ വകയിരുത്തുന്നു.

ക്ഷീര കർഷകരുടെ വരുമാന സ്ഥിരത ഉറപ്പുവരുത്തുന്നതിനായി കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിക്കായി - 4000000/-(നാല്പത് ലക്ഷം) രൂപ വകയിരുത്തുന്നു.

വനിതകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പ് വരുത്തുന്നതിനായി - 800000/ - രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

മേൽ പറഞ്ഞവ കൂടാതെ ഉത്പാദന മേഖലയുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികളും ഇതോടൊപ്പം ഏറ്റെടുക്കുന്നു.

1. നാഷണൽ ഹൈവേ റോഡിന് ഇരുവശവും വൃക്ഷതൈകൾ നട്ട് പരിപാലിക്കൽ – 500000/– രൂപ
2. തൊഴിൽ നൈപുണ്യ വികസനം – 500000/– രൂപ
3. പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകൽ – 520000/– രൂപ
4. ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വല വിതരണം– 350000/– രൂപ

കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന തീരശോഷണം തടയുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള തീര പ്രദേശത്ത് കണ്ടൽ ചെടികൾ നട്ട് പിടിപ്പിച്ച് പരിപാലിക്കുന്നതിന് "കണ്ടൽ ബ്രിഗേഡ് " രൂപീകരിക്കുന്നു. ഇതിനായി പദ്ധതി വിഹിതം, തൊഴിലുറപ്പ് പദ്ധതി എന്നിവയിലുൾപ്പെടുത്തി 5 ലക്ഷം രൂപ വകയിരുത്തുന്നു.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുക എന്നത് ഏതൊരു തദ്ദേശ സ്ഥാപനത്തിന്റേയും പ്രധാന കടമയാണ് എന്ന് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് കരുതുന്നു എന്നതിനാല് ആമയിട തോപ്പിൽ നഗർ സമഗ്ര വികസനം 500000/– രൂപ വകയിരുത്തുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റഡി റൂം–2473502 രൂപ വകയിരുത്തുന്നു. പ്രീമെട്രിക് ഹോസ്റ്റൽ ബ്യൂട്ടിഫിക്കേഷൻ– 800000 രൂപ വകയിരുത്തുന്നു.

സമഗ്ര മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ആധുനിക ഡബിൾ ചേംബേഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുമായി ചേർത്ത് സംയുക്ത പദ്ധതിക്ക് 15 ലക്ഷം രൂപ വകിരുത്തുന്നു.

ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി 57,79,800 രൂപയും പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിക്കായി 3,20,00,000 രൂപയും വകയിരുത്തുന്നു.

തുക്കുകുളത്ത് ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി – 800000 രൂപ വകയിരുത്തുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്–700000 രൂപ വകയിരുത്തുന്നു.

അംഗനവാടികൾക്ക് വാട്ടർ ഫ്യൂരിഫയർ –1000000 രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിനും തുടർ വികസനത്തിനുമായി പ്രത്യേകം പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല ആരോഗ്യ സ്ഥാപനമായ അർബൻ ഹെൽത്ത് ടെയ്നിംഗ് സെന്ററിന്റെ ബ്യൂട്ടിഫിക്കേഷന് –200000 രൂപ വകയിരുത്തുന്നു. മെഡിക്കൽ

പ്രൊഫെഷനുകൾക്ക് വേതനം നൽകുന്നതിനായി – 1250000 രൂപ വകയിരുത്തുന്നു.

മെച്ചപ്പെട്ട അടിസ്ഥാനസൌകര്യങ്ങളാണ് എതൊരു പ്രദേശത്തിന്റേയും വികസന സാക്ഷ്യപ്പെടുത്തലുകൾ ആയതിനാൽ റോഡുകൾ ഉൾപ്പടെയുള്ള പശ്ചാത്തല മേഖല പദ്ധതികൾക്കായി 1 കോടി 30 ലക്ഷം രൂപ വകയിരുത്തുന്നു.

അടിസ്ഥാന സൗകര്യങ്ങള് പോലെ തന്നെ പ്രധാനപ്പെട്ടതാണ് സേവന മേഖലയിലെ ക്ഷേമ പദ്ധതികളും 2025-26 വാർഷിക പദ്ധതിലെ വിവിധ സേവന മേഖലാ പദ്ധതികൾക്കായി 13757369/- രൂപ വകയിരുത്തുന്നു.

പട്ടികജാതി വിഭാഗം പദ്ധതികൾക്കായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 5814000/- രൂപ വകയിരുത്തുന്നു.

പട്ടികവർഗ്ഗ വിഭാഗം പദ്ധതികൾക്കായി TSP ഫണ്ടിൽ നിന്നും 125000/- രൂപ വകയിരുത്തുന്നു.

ഓണറേറിയം, മറ്റ് സ്ഥാപനപരവും ഭരണപരവുമായ ചെലവുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ തുടങ്ങി പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രത്യേകം തുക വകയിരുത്തയിട്ടുണ്ട്. കൂടാതെ അടിസ്ഥാന ആവശ്യങ്ങളായ ശുചിത്വം, പാർപ്പിടം തുടങ്ങിയവയ്ക്കും പ്രത്യേകം തുക നീക്കി വച്ചിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)

വിഭവങ്ങൾ പരിമിതമാണ് എങ്കിലും എല്ലാ വിഭാഗം ജനങ്ങളുടേയും ക്ഷേമവും ഐശ്വര്യവും ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്ന ആത്മവിശ്വാസത്തോടെ 685114711/- രൂപ വരവും, 683900671/- രൂപ ചെലവും, 1214040/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ബിബി വിദ്യാനന്ദൻ
വൈസ് പ്രസിഡന്റ് & ധനകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ